# നെടുമാവ് ജോർജച്ചൻ: സഭാസ്നേഹത്തിന്റെ ആൾരൂപം


### ഫാ. ഡോ. ജേക്കബ് കുര്യൻ


ഓർമ്മയിലെന്നും സജീവമാണല്ലോ ഓരോരുത്തർക്കും അവരവരുടെ ഇടവകപള്ളിയിലെ പെരുന്നാൾ. അങ്ങനെ ഒരു ദിവസമാണ് ഞങ്ങൾ കുറെ ഹൈസ്കൂൾ വിദ്യാർത്ഥികളെ നെടുമാവ് സെന്റ് പോൾസ് പള്ളിയിലെ മദ്ബഹായിൽ പ്രവേശിപ്പിച്ചത്. കുപ്പായം ഇട്ട് ത്രോണോസുകൾ മുത്താനും അച്ചന്മാരുടെ കൈ മുത്താനും ചെന്നപ്പോൾ, ഒരു ത്രോണോസിൽ കാപ്പയിട്ട് മൂന്നുമ്മേലിന് ചൊല്ലാൻ നിൽക്കുന്നത് നെടുമാവ് ജോർജച്ചൻ ആയിരുന്നു. കൈ മുത്തിച്ചിട്ടു പറഞ്ഞു "തീയാണിതെന്ന് ഓർത്തോണം." ഗൗരവം വിടാതെ സാമാന്യം ഉച്ചസ്വരത്തിൽ ബഹു. അച്ചൻ അതു പറഞ്ഞപ്പോൾ ഒരു മിന്നൽപ്പിണർ ഉള്ളിലെവിടെയോ സ്പർശിച്ച പ്രതീതി. പിന്നീടെന്നും, നെടുമാവ് ജോർജച്ചനെ അനുസ്മരിക്കുമ്പോൾ ഒരു മിന്നൽ മാത്രമല്ല ഇടിമുഴക്കവും അന്തരംഗത്തിലുണ്ടാവുന്നു.

മലങ്കരസഭാ മാസികയുടെ എഡിറ്ററായും, മാനേജരായും ഒക്കെ ഒരു കാൽ നൂറ്റാണ്ടോളം പ്രവർത്തിച്ച്, പൗരസ്ത്യ കാതോലിക്കേറ്റിന്റെ ശക്തനായ വക്താവും, സഭാകേന്ദ്രത്തിലെ സമർപ്പിത ശുശ്രൂഷകനും ഒക്കെയായി 1971 ജൂലായ് 30–ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞ വന്ദ്യനായ ജോർജച്ചൻ സഭാചരിത്രത്തിലെ ഒരപൂർവ്വ വ്യക്തിത്വമായിരുന്നു. 1922 സെപ്റ്റംബർ 6–ാം തീയതി താഴേതിൽ വറുഗീസിന്റെയും അന്നമ്മയുടെയും പുത്രനായി ജനിച്ച ജോർജ് ജീവിത യാത്രയിൽ ധാരാളം അനുഭവങ്ങളുടെ അകമ്പടിയോടെയാണ്, പ. ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ ശിഷ്യനും, ശുശ്രൂഷകനും ആയി പരിണമിച്ചത്. ഗീവർഗീസ് ദ്വിതീയൻ ബാവായുടെ അടുക്കലെത്തുന്നതിനു മുമ്പ്, നെടുമാവ് സെന്റ് പോൾസ് ഇടവകയുടെ സ്ഥാപകനായ കരിങ്ങണാമറ്റത്തിൽ മാത്യൂസ് അച്ചന്റെ ശിഷ്യനായിരുന്നു. ആ ഗുരുവിന്റെ ശിക്ഷണം കിട്ടിയതിനാൽ ഹൈസ്കൂൾ ഫൈനൽ പരീക്ഷയിൽ അഖില മലങ്കര ഒന്നാം സ്ഥാനം ജോർജിനു ലഭിച്ചു. പഴയസെമിനാരിയിൽ തുടങ്ങി ദേവലോകത്ത് സായൂജ്യമടഞ്ഞ ഒരു ഉപനയനപാതയിൽ ജോർജ് എന്ന ശിഷ്യനെ ഗീവർഗീസ് ദ്വിതീയൻ ബാവാ എന്ന ഗുരുവിനും, ഗുരുവിനെ ശിഷ്യനും പ്രിയപ്പെടുവാൻ നിരവധി കാരണങ്ങൾ ഉണ്ടായി. ഗുരുവിന് ശിഷ്യനെ പ്രിയപ്പെടുവാൻ ഏറ്റവും പ്രധാനമായി മൂന്ന് കാരണങ്ങൾ ഉണ്ടായിരുന്നു. ഒന്ന്, കറയറ്റ ഗുരുഭക്തി, രണ്ട്, ഉച്ചത്തിലും ഉച്ചാരണ ശുദ്ധിയോടെ വായിക്കുവാനുള്ള കഴിവ്, മൂന്ന്, സഭയുടെ വിശ്വാസം, അനുഷ്ഠാനങ്ങൾ, കാനോനിക വ്യവസ്ഥ എന്നിവയെക്കുറിച്ചുള്ള അഭിമാനബോധം. ശിഷ്യന് ഗുരുവിനെ പ്രിയപ്പെടുവാനും അനേകം കാരണങ്ങളിൽ മൂന്നെണ്ണം എടുത്തു പറയേണ്ടിയിരിക്കുന്നു. ഒന്ന്, ഭക്തിയുടെ ജീവിതലാവണ്യം, രണ്ട്, വേദവിജ്ഞാനത്തിന്റെ പുതുമ നിറഞ്ഞ പൊരുളുകൾ, മൂന്ന്, ആത്മീയ മക്കളോടും ശിഷ്യരോടും കാണിച്ച വാത്സല്യം.

നെടുമാവ് ജോർജച്ചൻ, ജോർജായിരുന്ന കാലത്ത് ഗീവർഗീസ് ദ്വിതീയൻ ബാവായ്ക്ക് ഏൽപിക്കപ്പെട്ടത് കരിങ്ങണാമറ്റത്തിൽ കെ. വി. മാത്യൂസച്ചന്റെ ദീർഘവീക്ഷണം മുഖാന്തിരമാണ്. അതിനെക്കുറിച്ച് ഫാ. എൻ. വി. അലക്സാണ്ടർ ഇങ്ങനെ എഴുതുന്നു, "അന്ന് സമുദായക്കേസ് കോട്ടയം ജില്ലാക്കോടതിയിൽ ബി. കൃഷ്ണയ്യരുടെ ബഞ്ചിൽ വാദം കേൾക്കുകയാണ്. മൊഴിപ്പകർപ്പെടുക്കുന്നതിന് അന്ന് അയ്മേനി ആയിരുന്ന ജോർജച്ചൻ നിയുക്തനായി. പകൽ മുഴുവൻ കോടതിയിൽ. രാത്രിയിൽ അന്നന്ന് എഴുതിഎടുക്കുന്ന മൊഴിപ്പകർപ്പ് പരിശുദ്ധ കാതോലിക്കാ ബാവായെ വായിച്ചു കേൾപ്പിക്കണം. പുറമെ, വേദപുസ്തകവും, കോട്ടയത്തു നിന്നു പ്രസിദ്ധീകരിക്കുന്ന വർത്തമാനപത്രങ്ങളും; തികച്ചും വിരസമായിരുന്നു ഈ ജോലി. പക്ഷേ അച്ചന് രസപ്രദവും."

എഴുതിക്കൊണ്ടു വന്നു കേൾപ്പിക്കുന്ന മൊഴി വായനയിൽ പ. ബാവാതിരുമേനി പങ്കുചേർന്നിരുന്നത് ജോർജിന്റെ ജീവിതത്തിലെ ഭാഗ്യനിമിഷ ങ്ങളായിരുന്നു. വിശ്വാസം, വേദപുസ്തകം, സഭാചരിത്രം, കാനോൻ മുതലായ വിഷയങ്ങളെ സ്പർശിക്കുന്ന ഒരു പണ്ഡിത സദസ്സായി ഓരോ സന്ധ്യയും മാറുമായിരുന്നു. ഇങ്ങനെ ലഭിച്ച അറിവാണ് തന്റെ സെമിനാരി വിദ്യാഭ്യാസം എന്ന് അദ്ദേഹം തന്നെ മലങ്കരസഭയിൽ എഴുതിയ "തിരുസന്നിധിയിൽ നിന്ന്" എന്ന ലേഖന പരമ്പരയിൽ സൂചിപ്പിച്ചിട്ടുണ്ട്.

പഴയസെമിനാരിയിലെ സമുദായ ആഫീസിൽ ക്ലർക്കായി നിയമിക്കപ്പെട്ടതോടെ, "മലങ്കരസഭ" മാസികയുടെ പ്രവർത്തനത്തിലും വ്യാപൃതനായി. സാവധാനം മാസികയുടെ സമ്പൂർണ്ണ ഉത്തരവാദിത്തവും അദ്ദേഹത്തിൻമേലായി. മലങ്കരസഭാ താളുകളിൽ കാലോചിതമായ കുറിപ്പുകളും ലേഖനങ്ങളും ഉൾക്കൊള്ളിക്കുവാനും ആയത് പൊതുവേദികളിൽ ചർച്ച ചെയ്യപ്പെടുവാനും ഇടയായതു മൂലം നെടുമാവ് ജോർജ് കൂടുതൽ ശ്രദ്ധേയനായി. "നെടുമാവ്" സഭാന്തരീക്ഷത്തിൽ സുപരിചിതമായത് അങ്ങനെയാണ്.

അദ്ദേഹം മലങ്കരസഭയിലെ കക്ഷിവഴക്കിന്റെ പശ്ചാത്തലത്തിൽ എഴുതിയ "മാർത്തോമ്മാ ശ്ലീഹായുടെ പൗരസ്ത്യ സിംഹാസനം" എന്ന ഗ്രന്ഥം മലങ്കരസഭയുടെ ചരിത്രത്തിൽ ചില വഴിത്തിരിവുകൾക്ക് മുഖാന്തിരമായി. പലർക്കും സ്വന്തം സഭാചരിത്ര വിഷയത്തിൽ ആത്മാഭിമാനം ഉളവാക്കുവാനും, ചിലർക്ക് അദ്ദേഹത്തോട് നീരസം ഉളവാക്കുവാനും ആ ഗ്രന്ഥത്തിനും അദ്ദേഹം എഴുതിയ ചില ലേഖനങ്ങൾക്കും ഇടയായി എന്നത് ഒരു പരമാർത്ഥമാണ്.

നെടുമാവ് ജോർജച്ചന്റെ ശബ്ദഗാംഭീര്യത്തോടെയുള്ള പ്രസംഗങ്ങളിലുടനീളം, ബാർ എബ്രായയുടെ ഹൂദായ കാനോനും, സുറിയാനി പിതാക്കന്മാരുടെ രചനകളുടെ സാരവും, വേദപുസ്തക ജ്ഞാനവും നിറഞ്ഞു നിന്നിരുന്നു. ദീർഘകാലമായി ആസ്തമാ രോഗിയായിരുന്ന അദ്ദേഹം 49 വർഷമേ ഈ ഭൂമിയിൽ ജീവിച്ചുള്ളുവെങ്കിലും സുരഭിലസുന്ദരമായ ഒരു ജീവിതസാക്ഷ്യം സ്വന്തമായിട്ടുണ്ട്.